ഹരിതകേരളം മിഷൻ
കേരള സർക്കാർ

05.09.2020

# പത്രക്കുറിപ്പ്

## ജലഗുണനിലവാര പരിശോധന ലാബ് പദ്ധതി
## സംസ്ഥാനതല ഉദ്ഘാടനം നാളെ(07.09.2020 തിങ്കൾ)
## ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു

എല്ലാ തദ്ദേശ ഭരണ സ്ഥാപന പരിധിയിലും കുടിവെള്ള പരിശോധന ലാബുകൾ സ്ഥാപിക്കുന്ന ഹരിത കേരളം മിഷൻ പദ്ധതിയുടെ ഉദ്ഘാടനം നാളെ (07.09.2020 തിങ്കൾ) മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിക്കും. കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജക മണ്ഡലത്തിൽ അഞ്ചരക്കണ്ടി ഹയർസെക്കൻഡറി സ്കൂളിൽ ഉച്ചയ്ക്ക് 12 മണിക്കു നടക്കുന്ന ചടങ്ങിൽ ഓൺലൈനായാണ് മുഖ്യമന്ത്രി പങ്കെടുക്കുന്നത്. വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. കെ.കൃഷ്ണൻകുട്ടി ജലപരിശോധന കൈപ്പുസ്തകം പ്രകാശനം ചെയ്യും. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ, കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.വി.സുമേഷ്, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. ജയപാലൻ മാസ്റ്റർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ ജനറൽ കെ. ജീവൻബാബു ഐ.എ.എസ്., കെ.ഐ.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ എൻ. പ്രശാന്ത് ഐ.എ.എസ്., ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും തിരഞ്ഞെടുക്കപ്പെട്ട ഒരു ഹയർസെക്കൻഡറി സ്കൂളിൽ വിദ്യാഭ്യാസ വകുപ്പ്, ജലവിഭവ വകുപ്പ് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നിവയുടെ സഹകരണത്തോടെയാണ് ഹരിതകേരളം മിഷൻ ലബോറട്ടറി സംവിധാനമൊരുക്കുന്നത്.

എം.എൽ.എ.മാരുടെ ആസ്തി വികസന നിധിയിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും തുക കണ്ടെത്തിയാണ് ലാബ് സ്ഥാപിക്കുന്നത്. ഇതിനകം 59 എം.എൽ.എ.മാർ 380 സ്കൂളുകളിൽ ലാബ് ആരംഭിക്കാൻ തുക അനുവദിച്ചു. ഇതുൾപ്പെടെ 480 സ്കൂളുകളിൽ ആദ്യഘട്ടമായി ലാബുകൾ പ്രവർത്തനമാരംഭിക്കും. ഈ വർഷം തന്നെ എല്ലാ തദ്ദേശ സ്ഥാപന പരിധിയിലും ലാബുകൾ സ്ഥാപിക്കുമെന്ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ അറിയിച്ചു.

പൊതുജനങ്ങൾക്ക് കിണർ വെള്ളത്തിന്റെ സാമ്പിൾ പരിശോധനാ സൗകര്യം ഒരുക്കിയിട്ടുള്ള സ്കൂളുകളിലെ ലാബുകളിൽ നേരിട്ടെത്തിച്ച് ഗുണനിലവാര പരിശോധന നടത്താം. പ്രാദേശികമായി ലാബുകൾ സ്ഥാപിക്കുന്നതോടെ കുടിവെള്ള പരിശോധന വ്യാപകമാക്കാനും ജലഗുണനിലവാരം ഉറപ്പാക്കാനും കഴിയും.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഹരിതകേരളം മിഷൻ